# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 884 | **08.01.2014 -ൽ മറുപടിയ്ക്ക്**

## ജല ചൂഷണം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) തിരുവനന്തപുരം ജില്ലയിൽ സ്വകാര്യ കളിമണ്ണ് ഖനന കമ്പനി ജലചൂഷണം നടത്തുന്നതായി ഭൂഗർഭ ജല വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ; | എ) തിരുവനന്തപുരം ജില്ലയിലെ വേളിയിൽ പ്രവർത്തനം നടത്തുന്ന ഇംഗ്ലീഷ് ഇന്ത്യൻ ക്ലേസ് ലിമിറ്റഡിലെ ഭൂജല ചൂഷണത്തിനെതിരായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പ് ടി പ്രദേശത്ത് പഠനം നടത്തുകയും കമ്പനിയുടെ ഭൂജല ഉപഭോഗം അധികമായതിനാൽ പ്രതിദിന ഭൂജല ഉപഭോഗം 80,000 ലിറ്ററായി നിജപ്പെടുത്തണമെന്ന് കമ്പനിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) ജലചൂഷണത്തിനെതിരെ കമ്പനിക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് വകുപ്പ് നൽകിയിട്ടുള്ളത് ; | ബി) താഴെ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ കമ്പനിയോട് നിർദ്ദേശം നല്കിയിട്ടുണ്ട്.<br>(1) പ്രതിദിനം 80,000 ലിറ്റർ ഭൂജലം മാത്രമേ കമ്പനി പമ്പ് ചെയ്യുവാൻ പാടുള്ളൂ. ഇത് ഉറപ്പു വരുത്തുന്നതിനായി ട്യൂബ് വെല്ലുകളിലെ പ്രധാന വിതരണ ലൈനിൽ ഐ.എസ്.ഐ അംഗീകൃത ഫ്ളോമീറ്ററുകൾ ഘടിപ്പിക്കേണ്ടതാണ്.<br>(2) ഇനി കമ്പനിയ്ക്കകത്ത് ട്യൂബ് വെല്ലുകൾ നിർമ്മിക്കുവാൻ പാടുള്ളതല്ല. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി) | പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ ഇടയ്ക്കിടയ്ക്ക് കമ്പനിയിൽ പരിശോധന നടത്തുവാനും, ലോഗ്ബുക്ക് പരിശോധിക്കുവാനും ഭൂജല വകുപ്പ്, തിരുവനന്തപുരം ജില്ലാ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | ജലചൂഷണം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | കേരള സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരം ഏതെങ്കിലും പ്രദേശത്തെ ഭൂജലത്തിന്റെ ചൂഷണമോ ഉപയോഗമോ ക്രമീകരിക്കേണ്ടത് പൊതു താല്പര്യാർത്ഥം ആവശ്യമാണെന്ന് ബോദ്ധ്യമാകുന്ന പക്ഷം ഗസറ്റ് വിജ്ഞാപനം വഴി അങ്ങനെയുള്ള പ്രദേശത്തെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശമായി പ്രഖ്യാപിക്കുകയും ടി പ്രദേശത്ത് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ